## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3498 — 12.12.2014 ൽ മറുപടിയ്ക്ക്

# കൊയ്ത്തുമെതി യന്ത്രങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ജി.സുധാകരൻ | | ശ്രീ. കെ.പി. മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) | |
| (എ) | കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി എത്ര കൊയ്ത്തുമെതി യന്ത്രങ്ങൾ വാങ്ങി; ഇതിനായി എന്തു തുക ചെലവായി; വ്യക്തമാക്കാമോ; | (എ) | 150 കൊയ്ത്തുമെതി യന്ത്രങ്ങൾ വാങ്ങി. ഇതിനായി 30,55,90,000/- രൂപ ചെലവഴിച്ചു. |
| (ബി) | ഇപ്പോൾ എത്ര യന്ത്രങ്ങൾ പ്രവർത്തനക്ഷമമാണ്; | (ബി) | കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ കൈവശമുള്ള 132 യന്ത്രങ്ങൾ പ്രവർത്തനക്ഷമമാണ്. |
| (സി) | പ്രസ്തുത യന്ത്രങ്ങൾ സൂക്ഷിക്കുന്നതും കർഷകർക്ക് വിതരണം ചെയ്യുന്നതും എങ്ങനെയാണ്; ഇതിന്റെ മാനദണ്ഡം എന്താണ്; | (സി) | യന്ത്രങ്ങൾ വാടകയ്ക്ക് ലഭിക്കുന്നതിനു വേണ്ടി പാടശേഖര സമിതി പ്രസിഡന്റ്/സെക്രട്ടറി കെയ്കോ യിൽ നിന്നും ലഭിക്കുന്ന നിർദ്ദിഷ്ട അപേക്ഷാ ഫോറത്തിൽ അപേക്ഷ ബന്ധപ്പെട്ട കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തി കെയ്കോയുടെ അതാത് ജില്ലാ ഓഫീസുകളിൽ സമർപ്പിക്കുന്നു. ഇങ്ങനെ ലഭിക്കുന്ന അപേക്ഷകളുടെ മുൻഗണനാ ക്രമത്തിലാണ് യന്ത്രങ്ങൾ കെയ്കോ പാടശേഖര സമിതി പ്രസിഡന്റ്/സെക്രട്ടറിയ്ക്ക് വാടകയ്ക്ക് നൽകുന്നത്. |
| (ഡി) | കർഷകരുടെ ആവശ്യത്തിന് കൊയ്ത്തുമെതി യന്ത്രങ്ങൾ ലഭിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതു പരിഹരിക്കാൻ എന്തു നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്; | (ഡി) | ഓരോ കൊയ്ത്തുസീസണുകളിലും കെയ്കോയുടെ കൈവശമുള്ള 90% ലധികം യന്ത്രങ്ങളും പ്രവർത്തനക്ഷമമാക്കി പാടശേഖരങ്ങളിൽ വിന്യസിക്കാറുണ്ട്. |
| (ഇ) | പാടശേഖരങ്ങളുടെ പ്രത്യേകതയ്ക്ക് അനുസൃതമായ കൊയ്ത്തുമെതി യന്ത്രങ്ങൾ വാങ്ങാൻ നടപടി സ്വീകരിക്കുമോ? | (ഇ) | യന്ത്രങ്ങൾ വാങ്ങിക്കുന്നതിനു മുമ്പായി ഇതിനുവേണ്ടി രൂപീകരിച്ച ടെക്നിക്കൽ കമ്മിറ്റി ടെക്നിക്കലി ക്വാളിഫൈ ചെയ്ത യന്ത്രങ്ങളുടെ കുട്ടനാട്ടിലെ പ്രവർത്തന ക്ഷമത വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ കുട്ടനാട്ടിലെ പാടശേഖരങ്ങൾക്ക് അനുയോജ്യമായ യന്ത്രങ്ങളാണ് വാങ്ങിയിട്ടുള്ളത് |

സെക്ഷൻ ഓഫീസർ